"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ആയുർവേദ ആശുപത്രികളിൽ ആയുർവേദ ഔഷധങ്ങൾ വിതരണം ചെയ്യുന്നതിന് കോഴിക്കോട് കേരള ആയുർവേദിക് കോപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയ അനുമതി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1695/2026/LSGD തീയതി,തിരുവനന്തപുരം, 08-09-2026

---

പരാമർശം:-

1. സ.ഉ. (എം.എസ്.) നം.321/08/ത.സ്വ.ഭ.വ; തീയതി 04.12.2008
2. സ.ഉ.(സാധാ) നം.2587/2023/LSGD; തീയതി 27.12.2023
3. കേരള ആയുർവേദിക് കോ-ഓപ്പറേറ്റീവ് സൊസൈറ്റി സെക്രട്ടറിയുടെ 14.03.2026ലെ 1304/03/2026 നമ്പർ കത്ത്
4. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 31.07.2026ലെ DISM/1773/2026-C2 നമ്പർ റിപ്പോർട്ട്
5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 13.08.2026ലെ LSGD/PD/21243/2026-DPLA3 നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ആയുർവേദ ആശുപത്രികളിൽ ആയുർവേദ ഔഷധങ്ങൾ വിതരണം ചെയ്യുന്നതിന് കോഴിക്കോട് കേരള ആയുർവേദിക് കോപ്പറേറ്റീവ് സൊസൈറ്റിക്ക് അനുമതി നൽകുകയും ആയത് പുതുക്കി നൽകുകയും ചെയ്തുവരുന്നുണ്ട്. പരാമർശം 2 ഉത്തരവ് പ്രകാരം 31.12.2025 വരെയാണ് പ്രസ്തുത സ്ഥാപനത്തിന് അപ്രകാരം വിതരണം ചെയ്യുന്നതിന് അനുമതി നിലവിലുണ്ടായിരുന്നത്.

2. സഹകരണ സ്ഥാപനമെന്ന നിലയ്ക്ക് സംഘം ഫാക്ടറിയിൽ നിർമ്മിക്കുന്ന ഗുണമേന്മയേറിയ ഔഷധങ്ങൾ ഓർഡർ ലഭിച്ച് ഒരു മാസത്തിനുള്ളിൽ തന്നെ സർക്കാർ സ്ഥാപനമായ ഔഷധിയുടെ വിലയിൽ ആശുപത്രികൾക്ക് വിതരണം ചെയ്തുവരുന്നുണ്ടെന്നും, ഔഷധ ഗുണമേന്മ പരിശോധിക്കുന്നതിനും നിലനിർത്തുന്നതിനുമുള്ള സംവിധാനം സംഘത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട് എന്നും, ആയുർവേദ മേഖലയിൽ 67 വർഷത്തെ പ്രവർത്തന പാരമ്പര്യമുള്ള പ്രസ്തുത സ്ഥാപനത്തിന് മരുന്ന് നിർമ്മാണത്തിന്റെയും വിതരണത്തിന്റെയും ജി.എം.പി സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളത് കൂടി കണക്കിലെടുത്ത്, തദ്ദേശ സ്ഥാപനങ്ങളുടെ കീഴിൽ വരുന്ന ആയുർവേദ ഡിസ്പെൻസറികളിൽ മരുന്ന് വിതരണം ചെയ്യുന്നതിനുള്ള അനുമതി 5 വർഷത്തേക്ക് കൂടി നീട്ടി 31.12.2030 വരെ ദീർഘിപ്പിച്ച് നൽകണമെന്നും കേരള ആയുർവേദിക് കോ-ഓപ്പറേറ്റീവ് സൊസൈറ്റി സെക്രട്ടറി പരാമർശം 3 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

31.12.2030 വരെ കാലാവധിയുള്ള ജി.എം.പി. സർട്ടിഫിക്കറ്റിന്റെ പകർപ്പ്, ഡ്രഗ്സ് ഡെപ്യൂട്ടി കൺട്രോളർ (ആയുർവ്വേദം) അനുവദിച്ച ഡ്രഗ്സ് മാനുഫാക്ചറിംഗ് ലൈസൻസിന്റെ പകർപ്പ് എന്നിവയും സമർപ്പിച്ചിരുന്നു.

3. കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന കേരളാ ആയുർവേദിക് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന സ്ഥാപനം ജില്ലയിലെ ആയുർവ്വേദ സ്ഥാപനങ്ങളിലേക്ക് വിതരണം ചെയ്ത ഔഷധങ്ങളുടെ ഗുണനിലവാരവും സേവനവും തൃപ്തികരമാണെന്ന് കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നും, ടി സ്ഥാപനത്തിന് നിലവിൽ നൽകിയിട്ടുള്ള അനുമതിയുടെ കാലാവധി 31/12/2025നു അവസാനിച്ചിട്ടുള്ളതിനാൽ പരാമർശം 2 ഉത്തരവ് പ്രകാരം നൽകിയ അനുമതി പുതുക്കി നൽകാവുന്നതാണെന്നും ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ പരാമർശം 4 പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

4. തദ്ദേശ സ്ഥാപനങ്ങളുടെ കീഴിലുള്ള ആയുർവേദാശുപത്രികളിൽ ഔഷധങ്ങൾ വിതരണം ചെയ്യുന്നതിന് കേരളാ ആയുർവേദിക് കോ- ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയിരുന്ന അനുമതി പുതുക്കി നൽകാവുന്നതാണെന്ന് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്ന് റിപ്പോർട്ട് നൽകിയതായും ആയതിന്റെ അടിസ്ഥാനത്തിൽ ആയത് പുതുക്കി നൽകാവുന്നതാണെന്ന് ജില്ലാ ജോയിൻറ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥാപനത്തിന് അനുമതി പുതുക്കി നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാവുന്നതാണ് എന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 5 പ്രകാരവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ആയുർവേദ ആശുപത്രികളിൽ, സംഘം തനതായി ഉത്പാദിപ്പിക്കുന്നതും ഡ്രഗ്സ് കൺട്രോളർ (ആയുർവ്വേദം) ലൈസൻസ് നല്കിയിട്ടുള്ളതുമായ ആയുർവേദ ഔഷധങ്ങൾ, വകുപ്പിൽ പ്രാബല്യത്തിലുള്ള വിലയിൽ അധികരിക്കാതെ, വിതരണം ചെയ്യുന്നതിന് കോഴിക്കോട് കേരള ആയുർവേദിക് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയിട്ടുള്ള അനുമതി, 1.1.2026 മുതൽ രണ്ട് വർഷ കാലയളവ് വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു. കേരള ആയുർവേദിക് കോ-ഓപ്പറേറ്റിവ് സൊസൈറ്റി ഉൽപാദിപ്പിക്കുന്ന മരുന്നുകൾ 'മറ്റു വിപണന ഏജൻസിക്ക് നൽകി വരുന്ന കമ്മീഷൻ/ഡിസ്കൗണ്ട് വ്യവസ്ഥയിൽ (19 മുതൽ 25 ശതമാനം വരെ) തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് മരുന്നു നൽകണമെന്ന' പരാമർശം 1, 2 ഉത്തരവുകളിലെ വ്യവസ്ഥ ബാധകമായിരിക്കുന്നതാണ്. വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം നിർവ്വഹണ ഉദ്യോഗസ്ഥരായ മെഡിക്കൽ ഓഫിസർമാർ ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ വി
ജോയിന്റ് സെക്രട്ടറി

1. സെക്രട്ടറി, കേരള ആയുർവേദിക് കോ-ഓപ്പറേറ്റിവ് സൊസൈറ്റി, മീഞ്ചന്ത, കോഴിക്കോട് - 673 018
2. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
6. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും

7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശ സ്വയംഭരണ വകുപ്പ്
10. ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്
11. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
12. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാ കളക്ടർമാർക്കും
14. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
15. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
16. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
17. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
18. ഡയറക്ടർ ജനറൽ, കില
19. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
20. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
21. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
22. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Digitally signed by
Viraj K
Date: 09-09-2026
11:08:37

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്